# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. NOVEMBER 2024. ₹5.00

VOL. 09 - ISSUE NO. 05 - DATE OF PUBLICATION 25TH NOVEMBER, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ദാതാവിലേക്ക്.

ഇന്ത്യയിൽ
വ്യവസായ സൗഹൃദത്തിൽ
കേരളം ഒന്നാമത്.



KSIDC

Government of Kerala

Invest Kerala
NATURE. PEOPLE. INDUSTRY.

# INVEST KERALA
## GLOBAL SUMMIT
FEB 21-22, 2025 | KOCHI

*Lulu Bolgatty International Convention Centre, Kochi*

RESPONSIBLE
**INVESTMENT**
RESPONSIBLE
**INDUSTRY**

*Be Part of Kerala's Growth Story!*

KERALA EMERGES AS TOP ACHIEVER IN EASE OF DOING BUSINESS REFORMS

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED
Head Office: Keston Road | Kowdiar | Thiruvananthapuram-695003 | Ph No: 0471-2318922 | enquiry@ksidcmail.org
Regional Office: 2nd Floor | Choice Towers | Manorama Junction | Kochi - 16 | Ph: No: 0484-2323010
www.ksidc.org | invest.kerala.gov.in

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Cochin. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K........... ✆ 98470 08185

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538


## ഉള്ളടക്കം

- **എഡിറ്റോറിയൽ:** സംരംഭക സഭ ........ 03
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:** ചൈനയിലെ CANTON FAIR 2024 എക്സിബിഷൻ യാത്രാവിവരണം ........ 05
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:** 10-ാം ക്ലാസ്സ് പാഠ്യ സിലബസ്സിൽ വ്യവസായം ഒരു വിഷയമായി ഉൾപ്പെടുത്തണം ........ 07
- ജി.എസ്.ടി. ചോദ്യോത്തര പംക്തി ........ 08
- ജില്ലാ പ്രസിഡന്റുമാർ 2024-2026 ........ 11
- ഒപ്പം ഉണ്ടെന്നത് വെറും വാക്കല്ല ........ 12
- ജില്ലാ സെക്രട്ടറിമാർ 2024-2026 ........ 15
- ബഹു. വ്യവസായ നിയമ വകുപ്പ് മന്ത്രി പി. രാജീവന് സ്വീകരണം നല്കി ........ 16
- സർക്കാർ നയങ്ങളിൽ സംരംഭകർക്ക് ഉറച്ച വിശ്വാസം ........ 18
- വരുന്നു കേരളത്തിൽ സംരംഭക സഭകൾ ........ 21

**KSSiA NEWS** വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION NOVEMBER 2024 ₹5.00

# എഡിറ്റോറിയൽ

## സംരംഭക സഭ



**27-09-2024** ലെ സംരംഭകത്വ പ്രോത്സാഹന പദ്ധതികളെ പരിചയപ്പെടുത്തുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 'സംരംഭക സഭ' രൂപീകരിക്കുന്നതിന് വ്യവസായ വകുപ്പ് തീരുമാനിച്ചു.

വ്യവസായ പുരോഗതിയുടെ മുഖ്യ പ്രാധാന്യം ലക്ഷ്യമിടുന്ന, ദീർഘവീക്ഷണമുള്ള ഒരു പദ്ധതിയാണിത്. കേരള സർക്കാരിന്റെ പ്രായോഗിക ചിന്ത ഇവിടെ വഴിവെളിച്ചമായി തെളിയുന്നു. വ്യവസായ സംരംഭകരെ ഒരുമിപ്പിക്കുവാനും കൂട്ടായ്മ കൊണ്ട് ശക്തമായ വ്യവസായ വളർച്ചയെ സ്ഥാപിച്ചെടുക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു. വ്യവസായ പുരോഗതിക്കായുള്ള ഈ സഭ രൂപീകരണത്തെ, നിലവിലുള്ള ചെറുകിട ഇടത്തരം വ്യവസായികളും അവരുടെ സംഘടനയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ആധുനിക മിഷനറികൾ സ്ഥാപിക്കുകയും സൗകര്യപ്രദമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയും അതിനായി സുഗമമായ മാർഗ്ഗങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നത് വ്യവസായ പുരോഗതിക്ക് സഹായകമാവുമെന്നതിൽ സംശയമില്ല.

ഇത്തരം സഹായങ്ങൾ ആവശ്യമായി വരുന്ന മറ്റൊരു വിഭാഗമാണ് നിലവിലുള്ള വ്യവസായികളും. മുൻപേ സംരംഭകരായി തീർന്ന ഇവരും ഇത്തരം സഹായങ്ങൾക്ക് അർഹരാണ് എന്നതിൽ സംശയമില്ല. മാത്രമല്ല അനുഭവ പരിചയമുള്ള ഇവർ, പുതു വ്യവസായികൾക്ക്, വഴികാട്ടികളാണ്. അവർ തുടക്കക്കാരുടെ അംബാസിഡർമാരാണ്. സർക്കാർ അംഗീകരിച്ച ചെറുകിട വ്യവസായികളുടെ ഏക സംഘടനയായ, കെ.എസ്.എസ്.ഐ.എ. യ്ക്ക് സർക്കാരിനോടും വ്യവസായ വകുപ്പിനോടും അഭ്യർത്ഥിക്കാനുള്ളത്, സംരംഭക സഭയുടെ, ജില്ലാതല ഉപദേശക സമിതിയിലും, ജില്ലാതല ഏകോപന സമിതിയിലും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മോണിറ്ററിംഗ് കമ്മിറ്റിയിലും, ചെറുകിട ഇടത്തരം വ്യവസായികളുടെ സംഘടനയായ കെ.എസ്.എസ്.ഐ.എ. യുടെ ജില്ലാ ഭാരവാഹികളിൽ ഒരാളെ കൂടി ഉൾപ്പെടുത്തുന്നത് ഗുണകരമായിരിക്കും.

സർക്കാർ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമെന്ന് പ്രതീക്ഷയോടെ.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

IIIE

INDIA INTERNATIONAL INDUSTRIAL EXPO

**Limited Stalls Available**

2024 Dec.

13 14 15

KINFRA INTERNATIONAL EXHIBITION CUM CONVENTION CENTRE

The MSME - PMS Incentive scheme applies to KSSIA members, who also enjoy a 10% discount on stalls.



# INDIA INTERNATIONAL INDUSTRIAL EXPO 2024

KOCHI I KERALA I INDIA

www.iiie.in

For more details: +91-9947733339 +91-9995139933 info@iiie.in

DEPARTMENT OF INDUSTRIES & COMMERCE

MSME

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION

METRO MEDIA

# ചൈനയിലെ CANTON FAIR 2024 എക്സിബിഷൻ യാത്രാവിവരണം



## പ്രസിഡൻഷ്യൽ റിപ്പോർട്ട്

**യാത്രദിനങ്ങൾ
15/10/2024 - 25/10/2024**

15/10/2024-ൽ കെ.എസ്.എസ്.ഐ.എ. തിരുവനന്തപുരം ജില്ലയുടെ നേതൃത്വത്തിൽ ചൈനയിൽ നടക്കുന്ന 1957-ൽ ആരംഭിച്ച 136-ാമത് Canton Fair 2024 എക്സിബിഷനിൽ പങ്കെടുക്കുന്നതിനായി എറണാകുളം നെടുമ്പാശ്ശേരി ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും രാത്രി 12:30ന് ഞങ്ങൾ പുറപ്പെട്ടു. എന്നോടൊപ്പം കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 60-ഓളം പേർ ഈ എക്സിബിഷൻ സന്ദർശിക്കാൻ കൂട്ടത്തിലുണ്ടായിരുന്നു.

16/10/2024-ന് രാവിലെ 6:00 മണിക്ക് കോലാലംമ്പൂർ എയർപോർട്ടിൽ എത്തുകയും അവിടെ നിന്ന് രാവിലെ 8:30ന് തിരിച്ച് ചൈനയിലെ ഗുയാങ്ങ്ഷ്യു എയർപോർട്ടിലെത്തി ഉച്ചയ്ക്ക് 1:30ന് ഹോളിഡേ ഇൻ ഹോട്ടലിൽ എത്തുകയും അന്നവിടെ സ്റ്റേ ചെയ്തു.

17/10/2024-ന് രാവിലെ Face 1 എക്സ്ബിഷനിൽ (15-ാം തീയതി ആരംഭിച്ച) നാല് ഏരിയകളിലായി അയ്യായിരത്തോളം സ്റ്റാളുകളുണ്ടായിരുന്നു. അതിൽ ഇലക്ട്രോണിക്സ്, അഗ്രിബേസ്ഡ് ഇൻഡസ്ട്രീസ്, ബിൽഡിംഗ് മെറ്റിരിയൽസ്, സാനിറ്ററി ഐറ്റം എന്നിങ്ങനെ വിപുലമായ ഒരു എക്സ്ബിഷനായിരുന്നു കാണാൻ സാധിച്ചത്.

18/10/2024-ന് രാവിലെ ഗുയാങ്ങ്ഷ്യുയിൽ നിന്നും യോഹനിലേക്ക് പോകുന്ന വഴിക്ക് Foshan International ഫർണിച്ചർ ഫാക്ടറികൾ സന്ദർശിക്കുകയുണ്ടായി, കോടി കണക്കിന് വിലവരുന്ന ഫർണിച്ചറുകൾ കാണാൻ സാധിച്ചു, 5 ഏക്കർ സ്ഥലത്ത് അതിവിശാലമായ നാല് നില ബിൽഡിംഗിന്റെ ഫാക്ടറിയായിരുന്നു അത്. ആ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കിയപ്പോൾ 3, 4 തൊഴിലാളികൾ മാത്രമാണവിടെയുണ്ടായിരുന്നത്, മുഴുവനും മെഷിനറികളുടെ പ്രവർത്തനമായിരുന്നു, ഉൽപാദനം കൂട്ടാനും ചെലവ് ചുരുക്കി ഏറ്റവും കുറഞ്ഞ വിലയ്ക്ക് മാർക്കറ്റ് ചെയ്യുന്നത് കണ്ടു മനസ്സിലാക്കാൻ കഴിഞ്ഞു. 40 ft കണ്ടെയ്നർ 25 മിനിറ്റുകൊണ്ട് ലോഡ് ചെയ്യുന്നത് കാണാൻ കഴിഞ്ഞു. ചൈനയിൽ നിന്നും 40 ft കണ്ടെയ്നർ ചരക്കുമായി കൊച്ചി തുറമുഖത്ത് വരുമ്പോൾ 1600 ഡോളറാണ് (₹ 1,40,000) ചെലവ് വരുന്നത്. കൊച്ചിയിൽ നിന്നും 25 കിലോമീറ്റർ ചുറ്റളവിലുള്ള ഗോഡൗണിൽ എത്തിക്കുവാൻ നമുക്ക് വരുന്ന ചെലവ് ₹ 1,25,000/- രൂപയാണ്. ചൈനയിലെ നാലാമത്തെ ഏറ്റവും വലിയ പട്ടണമാണ് ഗുയാങ്ങ്ഷ്യു, അവിടുത്തെ റോഡുകളും അടിസ്ഥാന സൗകര്യങ്ങളും കഴിഞ്ഞ 75 വർഷം കൊണ്ട് വ്യവസായ മുന്നേറ്റത്തിൽ ചൈനയിൽ വന്ന മാറ്റം എന്നെ അദ്ഭുതപ്പെടുത്തി. നമ്മുടെ നാട് ഈ നിലയിലെത്തുവാൻ ഇനിയും 50 വർഷമെങ്കിലും എടുക്കുമെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.






21/10/2024-ൽ ചൈനയിലെ ഏറ്റവും വലിയ ലെദർ മാളും ഏറ്റവും വലിയ Watch Tower സന്ദർശിക്കുകയുണ്ടായി. ഏറ്റവും വിലകുറവിൽ ലെദർ ഉൽപ്പന്നങ്ങൾ വാങ്ങുവാൻ സാധിച്ചു. അന്നത്തെ സായഹ്നത്തിൽ ക്രൂസിൽ ഒരു മണിക്കൂർ ചെലവഴിക്കുകയും ഗുയാങ്ങ്ഷ്യു 480 മീറ്റർ (ഏകദേശം അര കിലോമീറ്റർ) ഉയരമുള്ള 45 നില Canton Tower വീക്ഷിക്കുവാനും സാധിച്ചു. അവിടുത്തെ റോഡുകളും കെട്ടിടങ്ങളും LED ലൈറ്റ് കൊണ്ടും വീഡിയോ ഡിസ്പ്ലെ കൊണ്ടും അലംകൃതമായിരുന്നു. പേൾ റിവറിൽ കൂടിയുള്ള യാത്ര വളരെ ആസ്വാദ്യകരവുമായിരുന്നു. ആ രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയെ വിളിച്ചുണർത്തുന്ന ഒരു സായഹ്നനം കൂടിയായിരുന്നു.




22/10/2024-ന് ഗുയാങ്ങ്ഷ്യുയിൽ നിന്നും ഷെൻഷെ ബേയിലേക്ക് പോകുന്നതിനായി 350 കിലോമീറ്റർ സ്പീഡിൽ ബുള്ളറ്റ് ട്രെയിനിലുള്ള യാത്ര എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരു അനുഭവമായിരുന്നു. നമ്മൾ ആ കാലഘട്ടത്തിലേക്ക് മാറേണ്ടത് അനിവാര്യമാണ്, ധാരാളം ഇന്ത്യക്കാരും വിദേശികളും ചൈനയിലെ എക്സിബിഷനിൽ പങ്കെടുക്കുകയും ഫാക്ടറികൾ സന്ദർശിക്കുകയും ചെയ്തുകൊണ്ട് ഏറ്റവും കുറഞ്ഞ നിരക്കിൽ വ്യവസായ ഉൽപാദനം നടത്തുന്നത് എന്നെ ആശ്ചര്യപ്പെടുത്തി. ഏതൊരു രാജ്യത്തിന്റെയും സമ്പത്ത് ഘടനയിലും GDP യിലും ഉണ്ടാകുന്ന വർദ്ധനവ് ഉൽപാദന മേഖലയിൽ നിന്നാണ് ഏത് രാജ്യത്തിന്റെയും നട്ടെല്ലാകുന്നത്. നമ്മുടെ രാജ്യവും ഇതുപോലെ മാറേണ്ടത് അനിവാര്യമാണ്.

23/10/2024, 24/10/2024 - എന്നി ദിവസങ്ങളിൽ Face-2 എക്സിബിഷൻ സന്ദർശിച്ചപ്പോൾ വരാൻ പോകുന്ന 25 വർഷത്തേക്കുള്ള Artificial Intelligence ഉൾപ്പെടെയുള്ള 120-ഓളം വരുന്ന ഇന്റർനാഷണൽ സ്റ്റാളുകൾ സന്ദർശിക്കുകയുണ്ടായി. ഏറ്റവും മികച്ച ടെക്നോളജികളും, പുതിയ മെഷിനറികളും ഉത്പ്പന്നങ്ങളും ഈ എക്സിബിഷനിൽ കൂടി കാണാൻ കഴിഞ്ഞതിൽ അതിയായ സന്തോഷവുമുണ്ടായി. 2025 ഏപ്രിൽ നടക്കുന്ന 137-ാമത് Heavy Machinery Canton Fair 2025 എക്സിബിഷനിൽ പങ്കെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. നമ്മുടെ സംഘടനയിലുള്ള വ്യവസായികൾ തീർച്ചയായും ഇങ്ങനെയുള്ള എക്സിബിഷൻ കാണുന്നതിലൂടെ നമ്മുടെ ഫാക്ടറി ഉൽപ്പന്നങ്ങൾ Modernization ചെയ്യുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക വഴി കൂടുതൽ നികുതി സർക്കാരിന് സംഭാവന ചെയ്യുവാനും കഴിയുന്നതാണ്.

25/10/2024-ൽ ഉച്ചയ്ക്ക് 2.45ന് ഗുയാങ്ങ്ഷ്യു എയർപോർട്ടിൽ നിന്നും തിരിക്കുകയും വൈകിട്ട് 6:40ന് കോലാലംമ്പൂരിൽ എത്തുകയും അവിടെ നിന്ന് രാത്രി 10:40ന് പുറപ്പെട്ട് രാത്രി 12:30 ന് കൊച്ചി നെടുമ്പാശ്ശേരി എയർ പോർട്ടിൽ എത്തുകയും ചെയ്തു.

ഈ യാത്രയിലൂടെ ഒരുപാട് പുതിയ ടെക്നോളജി മെഷിനുകൾ കാണാനും അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനും സാധിച്ചു. എക്സിബിഷൻ കാണാൻ പോയ കേരളത്തിലെ വ്യവസായികൾ കോടിക്കണക്കിന് രൂപയിലധികം വില വരുന്ന മെഷിനറികൾ ഓർഡർ ചെയ്യുകയുണ്ടായി. ഈ മെഷിനറികൾ വാങ്ങിയതുമൂലമുള്ള നേട്ടങ്ങളിൽ ഒന്നാണ് നിരവധി പേർക്ക് ഇതിലൂടെ തൊഴിൽ ലഭിക്കുക എന്നുള്ളത്. എന്തുകൊണ്ടും അവിസ്മരണീയവും, വിലമതിക്കാനാവാത്ത തരത്തിലുള്ള ഒരു യാത്രതന്നെ ആയിരുന്നു ഇത്. ■

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**

## നമ്മുടെ വ്യവസായം

- ✓ വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു.
- ✓ കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com






## 10–ാം ക്ലാസ്സ് പാഠ്യ സിലബസ്സിൽ

# വ്യവസായം

## ഒരു വിഷയമായി ഉൾപ്പെടുത്തണം

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

രാജ്യത്തിന്റെ സമ്പത്ത് ഘടനയിലും തൊഴിൽ വികസനത്തിലും എം.എസ്.എം.ഇ. മേഖല ഗണ്യമായ പങ്കാണ് വഹിക്കുന്നത്. ആഭ്യന്തര ഉല്പാദനത്തിലും വിദേശ നാണ്യസമ്പാധനത്തിലും ഈ മേഖല വഹിക്കുന്ന പങ്ക് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. എം.എസ്.എം.ഇ. മേഖലയുടെ വളർച്ചയും വികസനവും അനിവാര്യമായ ഒരു ഘടകമാണെന്ന് ഇന്ത്യ രാജ്യത്തും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തും ഒരു പൊതുബോധം സൃഷ്ടിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വ്യവസായ മേഖലയിൽ ഉണ്ടായ സൗഹൃദപരമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിന് കേരള സർക്കാരും പ്രത്യേകിച്ച് വ്യവസായ വകുപ്പ് മന്ത്രിയും സ്വീകരിച്ച നടപടികളെ തുടർന്നാണ് കേരളം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ ഒന്നാം സ്ഥാനത്ത് എത്തിയത്. ഈ സ്ഥാനം തുടർന്നും അതേപോലെ നിലനിർത്തുന്നതിനുള്ള കൂടുതൽ നടപടികളും ഉണ്ടാകേണ്ടതുണ്ട്.



ഈ മേഖലയിലേക്ക് വിദ്യാസമ്പന്നരായ യുവാക്കളെ ആകർഷിക്കുന്നതിനുള്ള ശ്രദ്ധേയമായ പദ്ധതിയ്ക്ക് രൂപം നല്കുന്നതിന് മുൻഗണന ഉണ്ടാകണം. തൊഴിൽ അന്വേഷകരിൽ നിന്നും, തൊഴിൽദാതാക്കളായി മാറുക എന്ന ദൗത്യമായിരിക്കണം നമ്മുടെ മുഖ്യ അജണ്ട. നമ്മുടെ സംസ്ഥാനം ഉന്നത വിദ്യാഭ്യാസ നിലവാരത്തിൽ സമ്പന്നമാണ്. ബിസിനസ്സ് മാനേജ്മെന്റിൽ പഠനം പൂർത്തിയാക്കുന്നവർ വിദേശത്തും സ്വദേശത്തുമുള്ള പ്രമുഖ കമ്പനികളിൽ ഉന്നത പദവിയിലുള്ള ജോലിയിലേക്കാണ് പ്രവേശിക്കുന്നത്. ഈ ജോലി മൂലം സ്ഥാപനത്തിനും സമൂഹത്തിലും മാന്യമായ സ്ഥാനവും അംഗീകാരവും ലഭിക്കുമെന്ന ധാരണ ഇവർക്കുണ്ട്. അനുഭവം വെച്ച് നോക്കിയാൽ ഇത് ഒരളവുവരെ യാഥാർത്ഥ്യമാണുതാനും. എം.ബി.എ. പോലുള്ള ഉന്നത വിദ്യാഭ്യാസ യോഗ്യത നേടിയവർ സ്വയം സംരംഭകത്വത്തിലേക്ക് കടന്ന് വരുന്നതും വളരെ വിരളമാണ്. തന്റെ മാതാപിതാക്കളോ കുടുബാംഗങ്ങളോ നടത്തി വരുന്ന സംരംഭകത്വത്തിലേക്ക് എം.ബി.എ. കാരും ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അത് പോലെ മറ്റു സ്ഥാപനങ്ങളിൽ ബിസിനസ്സ് എക്സിക്യൂട്ടീവായി ജോലി ചെയ്തു പരിചയസമ്പത്തോടെ സംരംഭകത്വത്തിൽ വരുന്നവരുമുണ്ട്. ബിസിനസ് മാനേജ്മെന്റ് പോലുള്ള ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കുന്നതോടെ സ്വയം സംരംഭകത്വത്തിലേക്ക് വരുന്നതിനുള്ള ഒരു വ്യവസായ സംസ്കാരം വിദ്യാഭ്യാസ മേഖലയുടെ താഴെ തട്ടിൽ നിന്ന് തന്നെയുണ്ടാകണം. ഇതിന് തുടക്കം എന്ന നിലയിൽ ഹൈസ്ക്കൂൾ തലം മുതൽ സംരംഭക ബോധവൽക്കരണ ക്ലാസ്സുകൾക്ക് പ്രാധാന്യം നല്കി കൊണ്ടുള്ള വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള നടപടി ഉണ്ടാകണം. ഇതിന്റെ മുന്നോടിയായി പത്താം ക്ലാസ്സ് പാഠ്യപദ്ധതിയിൽ വ്യവസായം എന്ന വിഷയം നിർബന്ധമായും ഉൾപ്പെടുത്തണം. വൈദ്യുതി സംബന്ധമായ വിഷയം സ്ക്കൂൾ തലത്തിൽ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനം വളരെ സ്വാഗതാർഹമാണ്.

അടുത്ത അദ്ധ്യയനവർഷം മുതൽതന്നെ പത്താം ക്ലാസ്സ് പാഠ്യപദ്ധതിയിൽ **വ്യവസായം** എന്ന വിഷയം ഉൾപ്പെടുത്തി കൊണ്ടുള്ള നടപടി സ്വീകരിക്കുവാൻ കേരള സർക്കാരും, വിദ്യാഭ്യാസ വകുപ്പും തയ്യാറായാൽ ഭാവിയിൽ സമ്പന്നമായ ഒരു വ്യവസായ ഹബ്ബായി കേരളത്തെ മാറ്റിയെടുക്കാൻ സാധിക്കും.■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**

# GST
## ചോദ്യോത്തര പംക്തി



അഡ്വ. കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM

**ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിച്ച ജി.എസ്.ടി. ചോദ്യോത്തര പംക്തിയുടെ തുടർച്ചയായി ഈ ലേഖനം വായിക്കുക.**

### xi) അടയ്ക്കേണ്ട നികുതിയോ ശേഖരിച്ച നികുതിയോ അടച്ചില്ലെങ്കിൽ പെനാൽറ്റി:

സെക്ഷൻ 73(11)ൽ പറഞ്ഞിരിക്കുന്ന കാര്യം സെക്ഷൻ നമ്പറിലെ മാറ്റങ്ങളോടെ സെക്ഷൻ 74A(11)ലും പറഞ്ഞിരിക്കുന്നു. സെൽഫ് അസെസ്സ് ചെയ്ത് നിർണ്ണയിച്ച ഏതെങ്കിലും നികുതിത്തുകയോ, നികുതിയായി ശേഖരിച്ച ഏതെങ്കിലും തുകയോ, അത് സർക്കാരിലേക്ക് അടയ്ക്കേണ്ട തീയതി മുതൽ മുപ്പതുദിവസങ്ങൾക്കുള്ളിൽ അടയ്ക്കാത്ത പക്ഷം സെക്ഷൻ 74A(5)നു കീഴിൽ അടയ്ക്കേണ്ടതായ പെനാൽറ്റി അടയ്ക്കേണ്ടതായി വരുന്നതാണ് എന്നാണ് സെക്ഷൻ 74A(11)ൽ പറയുന്നത്.

**വിശദീകരണങ്ങൾ:**

സെക്ഷൻ 74നു കീഴിലുള്ള രണ്ട് വിശദീകരണങ്ങളും സെക്ഷൻ 74Aയ്ക്ക് കീഴിലും ചേർക്കപ്പെട്ടിരിക്കുന്നു. സെക്ഷൻ 74Aയ്ക്ക് കീഴിലെ നടപടിക്രമങ്ങൾ സമാപിച്ചാലും അത് സെക്ഷൻ 132നു കീഴിലെ നടപടിക്രമങ്ങളെ ബാധിക്കുകയില്ല എന്നും, നികുതി ബാധ്യതയുള്ള പ്രധാന വ്യക്തിയ്ക്കെതിരെയുള്ള സെക്ഷൻ 74A നടപടിക്രമം സമാപിച്ചാൽ സഹപെനാൽറ്റി ബാധക വ്യക്തികൾക്കെതിരെയുള്ള സെക്ഷൻ 122-നും 125-നും കീഴിലുള്ള നടപടിക്രമങ്ങളും സമാപിച്ചതായി കണക്കാക്കപ്പെടുന്നതാണ് എന്നും, വസ്തുതകൾ കുറച്ചു വെക്കൽ എന്ന പ്രയോഗത്തിന്റെ അർത്ഥമെന്താണ് എന്നുമുള്ള കാര്യങ്ങളാണ് വിശദീകരണങ്ങളിൽ പ്രതിപാദിക്കുന്നത്.

### xii) 2017-18 മുതൽ 2019-20 വരെയുള്ള കാലയളവുകളിലെ നോട്ടീസ്, ഉത്തരവ് നടപടികളിന്മേൽ പലിശ, പെനാൽറ്റി സംബന്ധിച്ച് ഇളവുകൾ:

**പലിശ, പെനാൽറ്റി ഇളവുകൾ നൽകുന്നസെക്ഷൻ 128A:**

CGST ആക്റ്റിൽ 01-11-2024 മുതൽക്ക് പ്രാബല്യത്തോടെ സെക്ഷൻ 128A എന്ന ഒരു പുതിയ സെക്ഷൻ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. 2017-18, 2018-19, 2019-20 എന്നീ നികുതിക്കാലയളവുകളെ സംബന്ധിച്ച് ചില നികുതി നിർണ്ണയ നോട്ടീസ് പ്രശ്നങ്ങളിൽ ചില നിബന്ധനകൾക്കു വിധേയമായി നികുതിത്തുക മാത്രം അടച്ച് പലിശയും പെനാൽറ്റിയും അടയ്ക്കാതെ പ്രശ്നം അവസാനിപ്പിക്കാൻ നികുതിദായകർക്ക് അവസരം നൽകുന്ന വകുപ്പാണ് സെക്ഷൻ 128A.

**എല്ലാത്തിനും ഉപരിയായി സെക്ഷൻ 128A നിലനിൽക്കും:**

നോട്ട് വിത്ത് സ്റ്റാൻഡിംഗ് എന്ന വാക്കോടുകൂടിയാണ്, അഥവാ ഒരു നോൺ ഒബ്സ്റ്റാൻറേ ക്ലോസ് ഓടുകൂടിയാണ് സെക്ഷൻ 128A ആരംഭിക്കുന്നത്. അതായത്, സെക്ഷൻ 128A യിൽ പറയുന്ന കാര്യങ്ങൾക്കു വിരുദ്ധമായി CGST ആക്റ്റിൽ എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ അതിനെല്ലാം ഉപരിയായി സെക്ഷൻ 128A യിൽ പറയുന്ന കാര്യങ്ങൾ നിലനിൽക്കുന്നതാണ് എന്ന് അർത്ഥം.

**സെക്ഷൻ 128A എപ്പോഴൊക്കെ ബാധകം?**

2017-18, 2018-19, 2019-20 എന്നീ നികുതിക്കാലയളവുകളെ സംബന്ധിച്ച് താഴെ പറയുന്ന മൂന്നുതരം സാഹചര്യങ്ങളിലാണ് സെക്ഷൻ 128A ബാധകമാവുക:

(a) സെക്ഷൻ 73(1) നു കീഴിലെ നോട്ടീസ് സെക്ഷൻ 73(3) നു കീഴിലെ പ്രസ്താവനയോ മനപൂർവ്വമല്ലാത്ത കാരണങ്ങളുടെ അടിസ്ഥാനത്തിൽ പ്രോപ്പർ ഓഫീസർ പുറപ്പെടുവിക്കപെടുന്ന നോട്ടീസോ പ്രസ്താവനയോ പുറപ്പെടുവിക്കപ്പെട്ടതും, സെക്ഷൻ 73(9)നു കീഴിലെ ഉത്തരവ് പ്രോപ്പർ ഓഫീസറുടെ ഉത്തരവ് ഇനിയും പുറപ്പെടുവിക്കപ്പെട്ടിട്ടില്ലാത്തതും ആയ കേസുകളിൽ;

അല്ലെങ്കിൽ

(b) സെക്ഷൻ 73(9) നു കീഴിലെ ഉത്തരവ് പ്രോപ്പർ ഓഫീസറുടെ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടതും സെക്ഷൻ 107(11) നു കീഴിലുള്ള ഉത്തരവോ അപ്പലേറ്റ് അതോറിറ്റിയുടെ അപ്പലേറ്റ് ഉത്തരവ് 108(1)നു കീഴിലെ ഉത്തരവോ റിവിഷണൽ അതോറിറ്റിയുടെ റിവിഷണൽ ഉത്തരവ് ഇനിയും പുറപ്പെടുവിക്കപ്പെട്ടിട്ടില്ലാത്തതും ആയ കേസുകളിൽ;

അല്ലെങ്കിൽ

(c) സെക്ഷൻ 107(11)നു കീഴിലുള്ള ഉത്തരവോ അപ്പലേറ്റ് അതോറിറ്റിയുടെ അപ്പലേറ്റ് ഉത്തരവ് 108(1)നു കീഴിലെ ഉത്തരവോ റിവിഷണൽ അതോറിറ്റിയുടെ റിവിഷണൽ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടതും സെക്ഷൻ 113(1)നു കീഴിലെ ഉത്തരവ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിട്ടില്ലാത്തതും ആയ കേസുകളിൽ.

മേൽപ്പറഞ്ഞ മൂന്നു സാഹചര്യങ്ങളിൽ, നികുതിബാധക വ്യക്തി ആ നോട്ടീസിലോ പ്രസ്താവനയിലോ ഉത്തരവിലോ പറയുന്ന മുഴുവൻ നികുതിത്തുകയും നോട്ടിഫൈ ചെയ്യുന്ന തീയതിയ്ക്കുള്ളിൽ അടയ്ക്കുന്നപക്ഷം ആ വ്യക്തിയ്ക്ക് സെക്ഷൻ 50നു കീഴിലെ പലിശയോ ഈ ആക്റ്റിനു കീഴിലെ പെനാൽറ്റിയോ അടയ്ക്കേണ്ടി വരുന്നതല്ല എന്ന് സെക്ഷൻ 128A(1)പറയുന്നു.

കൂടാതെ, ചട്ടങ്ങളിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, ആ നോട്ടീസിനെയോ പ്രസ്താവനയെയോ ഉത്തരവിനെയോ സംബന്ധിക്കുന്ന എല്ലാ നടപടിക്രമങ്ങളും പരിസമാപ്തിയിൽ എത്തിയതായി കണക്കാക്കപ്പെടേണ്ടതാണ് എന്നും സെക്ഷൻ 128A(1) പറയുന്നു.

**തെറ്റായ റീഫണ്ടുകൾക്ക് ഇളവ് ലഭ്യമല്ല:**

തെറ്റായി റീഫണ്ട് എടുത്തതിന്റെ പേരിൽ ഒരു വ്യക്തി

അടയ്ക്കേണ്ടതായി വരുന്ന തുകയെ സംബന്ധിച്ച് സെക്ഷൻ 128A(1) ൽ പറയുന്ന ഒരു കാര്യവും ബാധകമായിരിക്കുന്നതല്ല, എന്ന് സെക്ഷൻ 128A(2) വ്യക്തമാക്കുന്നു.

**അപ്പീൽ/റിറ്റ് പെറ്റീഷൻ പിൻവലിച്ചില്ലെങ്കിൽ സെക്ഷൻ 128A യുടെ ആനുകൂല്യം ലഭ്യമല്ല:**

സെക്ഷൻ 128A(1)നു കീഴിലെ ആനുകൂല്യം കൈപ്പറ്റാൻ ആഗ്രഹിക്കുന്ന വ്യക്തി, താൻ ആ കാര്യത്തെ സംബന്ധിച്ച് ജി.എസ്.ടി. നിയമത്തിനു കീഴിലെ ഏതെങ്കിലും അതോറിറ്റിയ്ക്കോ ട്രൈബ്യൂണലിനോ മുമ്പാകെയോ ഏതെങ്കിലും കോടതി മുമ്പാകെയോ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും കോടതി മുമ്പാകെ ഒരു റിറ്റ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ, ആ അപ്പീൽ / റിറ്റ്പെറ്റീഷൻ തത്സമയം പരിഗണനയിൽ ഇരിയ്ക്കുകയാണെങ്കിൽ, ആ വ്യക്തി ആ അപ്പീൽ / റിറ്റ് പെറ്റീഷൻ പിൻവലിക്കേണ്ടതാണ്. സെക്ഷൻ 128A(1) നു കീഴിൽ സർക്കാർ നോട്ടിഫൈ ചെയ്യുന്ന തീയതിയ്ക്കുള്ളിലാണ് ഇപ്രകാരം അപ്പീൽ / റിറ്റ് പെറ്റീഷൻ പിൻവലിക്കേണ്ടത്. പിൻവലിച്ചില്ലായെങ്കിൽ ആ വ്യക്തിയെ സംബന്ധിച്ച് സെക്ഷൻ 128A(1) ൽ പറയുന്ന ഒരു കാര്യവും ബാധകമായിരിക്കുന്നതല്ല, എന്ന്സെക്ഷൻ 128A(3) വ്യക്തമാക്കുന്നു.

**128 A യുടെ ആനുകൂല്യം കൈപ്പറ്റിക്കഴിഞ്ഞാൽപ്പിന്നെ അപ്പീൽ ഫയൽ ചെയ്യാനുള്ള അവസരം ലഭ്യമല്ല:**

ഈ ആക്റ്റിൽ പറയുന്ന ഏതൊരു കാര്യത്തിനും ഉപരിയായി, സെക്ഷൻ 128A(1)(b)ലോ 128A(1)(c)ലോ പ്രതിപാദിച്ചിരിക്കുന്നതു പോലെയുള്ള ഒരു ഉത്തരവിനെ സംബന്ധിച്ച് സെക്ഷൻ 128A(1)നു കീഴിൽ പറയുന്നത് പ്രകാരമുള്ള തുക അടച്ച് നടപടിക്രമങ്ങൾ പരിസമാപ്തിയിലെത്തിയതായി കണക്കാക്കപ്പെട്ടു കഴിഞ്ഞാൽ, ആ ഉത്തരവിനെതിരെ സെക്ഷൻ 107(1)നു കീഴിലോ അതായത് അപ്പലേറ്റ് അതോറിറ്റി മുമ്പാകെയോ, സെക്ഷൻ 112(1)നു കീഴിലോ അതായത് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെയോ അപ്പീൽ ഫയൽ ചെയ്യാനുള്ള അവസരം പിന്നീട് ലഭ്യമായിരിക്കുന്നതല്ല എന്ന്സെക്ഷൻ 128A(4) വ്യക്തമാക്കുന്നു.

**സെക്ഷൻ 75(2) ന്റെ അധികാരത്തിനാൽ സെക്ഷൻ 73-നു കീഴിലേക്ക് ആക്കപ്പെട്ട സെക്ഷൻ 74(1) നോട്ടീസുകൾക്കും സെക്ഷൻ 128A ബാധകം:**

സെക്ഷൻ 73-നു കീഴിലെ നടപടി ക്രമങ്ങളെ സംബന്ധിച്ചാണ് സെക്ഷൻ 128A പൊതുവിൽ ബാധകം. പക്ഷേ സെക്ഷൻ 128A(1) ന്റെ ആദ്യ പ്രൊവൈസോ പ്രകാരം, പ്രോപ്പർ ഓഫീസർ സെക്ഷൻ 74(1)നു കീഴിൽ നോട്ടീസ് പുറപ്പെടുവിച്ചുവെങ്കിലും, നികുതി ബാധക വ്യക്തി തട്ടിപ്പ് നടത്തി എന്നോ നികുതി വെട്ടിക്കുന്നതിനായി മനഃപൂർവ്വമായ തെറ്റായ പ്രസ്താവനയോ വസ്തുതകൾ മറച്ചുവെയ്ക്കലോ നടത്തി എന്നോ തെളിയിക്കപ്പെടാത്തതിനാൽ സെക്ഷൻ 74(1)നു കീഴിൽ പുറപ്പെടുവിക്കപ്പെട്ട നോട്ടീസ് നിലനിൽക്കുന്നതല്ല എന്ന് സെക്ഷൻ 75(2)നു കീഴിൽ അപ്പലേറ്റ് അതോറിറ്റിയോ അപ്പലേറ്റ് ട്രൈബ്യൂണലോ നിഗമനം നടത്തുന്ന സാഹചര്യങ്ങളിൽ, ആ നോട്ടീസ് സെക്ഷൻ 73(1)നു കീഴിൽ പുറപ്പെടുവിക്കപ്പെട്ടതാണ് എന്ന് കണക്കാക്കി സെക്ഷൻ 128Aയുടെ പരിധിയിൽപെടുത്തേണ്ടതാണ്.

**ഡിപ്പാർട്ട്മെൻറ് അപ്പീൽ പരിഗണനയിൽ ഇരിക്കുമ്പോഴും സെക്ഷൻ 128A യുടെ ആനുകൂല്യം കൈപ്പറ്റാം, നിബന്ധനയ്ക്കു വിധേയമായി:**

സെക്ഷൻ 128A(1) ന്റെ രണ്ടാം പ്രൊവൈസോ താഴെ പറയുന്നതുപോലെ വ്യവസ്ഥ ചെയ്യുന്നു:

**താഴെപറയുന്ന മൂന്നിൽ ഏതെങ്കിലും ഉത്തരവിന്/നിർദ്ദേശത്തിന് എതിരെ:**

സെക്ഷൻ 128A(1)(b)ൽ പ്രതിപാദിച്ചിരിക്കുന്ന ഒരു ഉത്തരവിനെതിരെയോ പ്രോപ്പർ ഓഫീസറുടെ ഉത്തരവിനെതിരെ,

അല്ലെങ്കിൽ

സെക്ഷൻ 128A(c)ൽ പ്രതിപാദിച്ചിരിക്കുന്ന ഒരു ഉത്തരവിനെതിരെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ ഉത്തരവിനെതിരെ,

അല്ലെങ്കിൽ

സെക്ഷൻ 128A(1) ന്റെ ആദ്യ പ്രൊവൈസോയിൽ പ്രതിപാദിച്ചിരിക്കുന്ന അപ്പലേറ്റ് അതോറിറ്റിയുടെ/അപ്പലേറ്റ് ട്രൈബ്യൂണലിന്റെ/കോടതിയുടെ നിർദ്ദേശത്തിനെതിരെയോ (സെക്ഷൻ 75(2) നൽകുന്ന അധികാരങ്ങൾ ഉപയോഗിച്ച് ഒരു സെക്ഷൻ 74(1) നോട്ടീസിനെ സെക്ഷൻ 73(1) നോട്ടീസ് ആക്കിമാറ്റാനുള്ള നിർദ്ദേശത്തിനെതിരെ) താഴെപറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ,

സെക്ഷൻ 107(3)നു കീഴിലെ ഒരു അപേക്ഷ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ കമ്മീഷണറുടെ ഉത്തരവിനെത്തുടർന്ന് കമ്മീഷണർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അപ്പലേറ്റ് അതോറിറ്റിയ്ക്കു മുമ്പാകെ സമർപ്പിക്കുന്ന അപ്പീലിനു സമാനമായ അപേക്ഷയാണ് സെക്ഷൻ 107(3)നു കീഴിലെ അപേക്ഷ).

അല്ലെങ്കിൽ

സെക്ഷൻ 112(3)നു കീഴിലെ ഒരു അപേക്ഷ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ കമ്മീഷണറോ കമ്മീഷണർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഏതെങ്കിലും അപ്പലേറ്റ് ഉത്തരവിനോ റിവിഷണൽ ഉത്തരവിനോ എതിരെ അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിക്കുന്ന അപ്പീലിനു സമാനമായ അപേക്ഷയാണ് സെക്ഷൻ 112(3)നു കീഴിലെ അപേക്ഷ.

അല്ലെങ്കിൽ

സെക്ഷൻ 117(1)നു കീഴിൽ ഒരു സെൻട്രൽ ടാക്സ് ഓഫീസർ ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുള്ള സാഹചര്യങ്ങളിൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ സംസ്ഥാന ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിൽ ഒരു കാതലായ നിയമസംബന്ധിയായ ചോദ്യം ഉൾപ്പെടുന്നുണ്ടെങ്കിൽ ബാധിത വ്യക്തിയ്ക്ക് ഹൈക്കോടതി മുമ്പാകെ സമർപ്പിക്കാവുന്ന അപ്പീൽ ആണ് സെക്ഷൻ 117(1)നു കീഴിലെ അപ്പീൽ,

അല്ലെങ്കിൽ

സെക്ഷൻ 118(1)നു കീഴിൽ ഒരു സെൻട്രൽ ടാക്സ് ഓഫീസർ ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുള്ള സാഹചര്യങ്ങളിൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിനെതിരെയോ സെക്ഷൻ 117നു കീഴിൽ സമർപ്പിച്ച അപ്പീലിൽ ഒരു ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെയോ സുപ്രീം കോടതി മുമ്പാകെ സമർപ്പിക്കപ്പെടാവുന്ന അപ്പീൽ ആണ് സെക്ഷൻ 118(1)നു കീഴിലുള്ള അപ്പീൽ,

അല്ലെങ്കിൽ

സെക്ഷൻ 108(1)നു കീഴിൽ എന്തെങ്കിലും നടപടി ക്രമങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ ഒരു ഉത്തരവ് പുനഃപരിശോധിക്കാനുള്ള റിവിഷണൽ അതോറിറ്റിയുടെ നടപടിക്രമങ്ങളാണ് സെക്ഷൻ 108 (1)നു കീഴിലെ നടപടിക്രമങ്ങൾ)

താഴെ പറയുന്ന നിബന്ധനയ്ക്ക് വിധേയമായിട്ടു മാത്രമേ സെക്ഷൻ 128A(1)നു കീഴിൽ പണമടയ്ക്കുമ്പോൾ നടപടിക്രമങ്ങൾ പരിസമാപ്തിയിലെത്തിയതായി കണക്കാക്കാൻ പാടുള്ളൂ:

**പ്രൊവൈസോ 2-ലെ നിബന്ധന:** മേൽപ്പറഞ്ഞ അപേക്ഷയിന്മേൽ/അപ്പീലിന്മേൽ/നടപടിക്രമത്തിന്മേൽ അപ്പലേറ്റ് അതോറിറ്റിയോ അപ്പലേറ്റ് ട്രൈബ്യൂണലോ കോടതിയോ റിവിഷണൽ അതോറിറ്റിയോ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ബന്ധപ്പെട്ട നികുതി ബാധക വ്യക്തി എന്തെങ്കിലും അധിക നികുതിത്തുക അടയ്ക്കേണ്ടതായി വരികയാണെങ്കിൽ, ആ വ്യക്തി, ആ ഉത്തരവ് പുറപ്പെടുവിക്കപ്പെടുന്ന തീയതി മുതൽ മൂന്നു മാസങ്ങൾക്കുള്ളിൽ അടയ്ക്കും.




### അടച്ചു കഴിഞ്ഞ പലിശയും പെനാൽറ്റിയും തിരികെ കിട്ടാൻ സെക്ഷൻ 128A സഹായിക്കുകയില്ല:

സെക്ഷൻ 128A(1) ന്റെ മൂന്നാം പ്രൊവൈസോ പ്രകാരം സെക്ഷൻ 128A(1)ലും സെക്ഷൻ 128A(1)യുടെ ആദ്യ പ്രൊവൈസോയിലും രണ്ടാം പ്രൊവൈസോയിലും പറഞ്ഞ സാഹചര്യങ്ങളിൽ അടയ്ക്കേണ്ടതായ പലിശയും പെനാൽറ്റിയും അടച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ, അത് തിരികെ റീഫണ്ട് ചെയ്ത് ലഭിക്കുന്നതല്ല.

### GST അപ്പലേറ്റ് ട്രൈബ്യൂണൽ അപ്പീലിന്റെ അവസാന തീയതി സർക്കാരിന് തീരുമാനിക്കാം:

GST അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാനുള്ള അവസാന തീയതി GST കൗൺസിലിന്റെ ശുപാർശകളിന്മേൽ സർക്കാരിൽ തീരുമാനിച്ച് നോട്ടിഫിക്കേഷനിലൂടെ പ്രഖ്യാപിക്കാം എന്ന് പറയുന്ന ഭേദഗതികൾ CGST ആക്റ്റിന്റെ സെക്ഷൻ 112ൽ കൊണ്ടു വരപ്പെട്ടിരിക്കുന്നു. 01-11-2024 എന്ന തീയതി എത്തുന്നതു മുതൽ, 01-08-2024 മുതൽക്ക് മുൻകാല പ്രാബല്യത്തോടെ ഈ ഭേദഗതികൾ പ്രാബല്യത്തിൽ വരുന്നതാണ്.

### അപ്പീൽ ഡെപ്പോസിറ്റ് തുകകൾ കുറച്ചു:

അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപ്പീലിന്റെ പരമാവധി ഡെപ്പോസിറ്റ് തുക CGST-യ്ക്ക് 25 കോടി രൂപയിൽ നിന്നും 20 കോടി രൂപയാക്കി കുറച്ചു, IGSTയ്ക്ക് 50 കോടി രൂപയിൽ നിന്നും 40 കോടി രൂപയാക്കി കുറച്ചു. 01-11-2024 മുതൽക്കാണ് ഈ ഡെപ്പോസിറ്റ് തുക കുറയ്ക്കൽ പ്രാബല്യത്തിൽ വരുന്നത്.

GST ട്രൈബ്യൂണൽ മുമ്പാകെയുള്ള അപ്പീലിന്റെ ഡെപ്പോസിറ്റ് തുക 20% ൽ നിന്നും 10% ആക്കി കുറച്ചു. പരമാവധി ഡെപ്പോസിറ്റ് തുക സി.ജി.എസ്.ടി. യ്ക്ക് 50 കോടി രൂപയിൽ നിന്നും 20 കോടി രൂപയാക്കി കുറച്ചു, IGSTയ്ക്ക് 100 കോടി രൂപയിൽ നിന്നും 40 കോടി രൂപയാക്കി കുറച്ചു. 01-11-2024 എന്ന തീയതി എത്തുന്നതു മുതൽ 01-08-2024 മുതൽക്ക് ഈ ഡെപ്പോസിറ്റ് തുക കുറയ്ക്കൽ പ്രാബല്യത്തിൽ വരുന്നതാണ്.

(7) സെക്ഷൻ 51-നു കീഴിൽ TDS ഡിഡക്റ്റ് ചെയ്യേണ്ടവർ എല്ലാ മാസത്തേയും സംബന്ധിക്കുന്ന TDS റിട്ടേൺ സമർപ്പിക്കണം:

മുമ്പ് നില നിന്നിരുന്ന നിയമ പ്രകാരം, CGST ആക്റ്റിന്റെ സെക്ഷൻ 51-നു കീഴിൽ TDS കുറയ്ക്കാൻ ബാധ്യസ്ഥരായിരുന്ന രജിസ്റ്റേർഡ് വ്യക്തികൾ, TDS കുറയ്ക്കുന്ന മാസങ്ങളെ സംബന്ധിച്ച് മാത്രം TDS റിട്ടേൺ സമർപ്പിച്ചാൽ മതിയായിരുന്നു. 01-11-2024 മുതൽക്ക് പ്രാബല്യത്തോടെ CGST ആക്റ്റിലെ സെക്ഷൻ 39(3)ൽ വരുത്തപ്പെട്ട ഭേദഗതിയിലൂടെ, സെക്ഷൻ 51-നു കീഴിൽ TDS ഡിഡക്റ്റ് ചെയ്യേണ്ടവർ എല്ലാ മാസത്തേയും സംബന്ധിക്കുന്ന TDS റിട്ടേൺ സമർപ്പിക്കണം, ആ മാസത്തിൽ TDS കുറയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും.

ബന്ധപ്പെട്ട മാസം പൂർത്തിയായി 10 ദിവസത്തിനുള്ളിൽ TDS റിട്ടേൺ സമർപ്പിക്കണം എന്ന സെക്ഷൻ 39(3) ലെ നിഷ്കർഷ നീക്കം ചെയ്യപ്പെട്ടിട്ടുണ്ട്. പകരം, TDS റിട്ടേൺ സമർപ്പിക്കേണ്ട തീയതി സർക്കാരിന്റെ റൂൾസിലൂടെ പ്രഖ്യാപിക്കാം എന്ന് ആക്കപ്പെട്ടിരിക്കുന്നു. ഇനിയും കുറച്ചേറെ ഭേദഗതികൾ GST നിയമത്തിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ട്, ഒരു നികുതിദായകനെ സംബന്ധിച്ച് ഏറ്റവും പ്രസക്തമായത് എന്ന് ഈ ലേഖകന് തോന്നിയ ഒരുപിടി ഭേദഗതികളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. കൂടുതൽ വിശദമായി ഈ ഭേദഗതികളെക്കുറിച്ച് പഠിക്കാൻ ആഗ്രഹിക്കുന്ന വായനക്കാർക്ക്, GST ആക്റ്റുകളും ഫിനാൻസ് (നം.2) ആക്റ്റ്, 2024 ഉം നോട്ടിഫിക്കേഷൻ നം. 17/2024 CT യും ഒന്നിച്ച് അരികിൽ വെച്ച് താരതമ്യം നടത്തി പഠിക്കുന്നത് ഉപകാരപ്പെടും എന്ന് ഈ ലേഖകൻ അഭിപ്രായപ്പെടുന്നു.

നിയമം അറിയില്ല എന്നത് ഒരു ഒഴികഴിവായി പരിഗണിക്കാത്ത നിയമവ്യവസ്ഥയാണ് ഇന്ത്യയിലേത്. അതിനാൽ നിയമം മാറിക്കൊണ്ടിരിക്കുമ്പോൾ നിയമത്തെപ്പറ്റിയുള്ള നമ്മുടെ അറിവും പുതുക്കിക്കൊണ്ടിരിക്കേണ്ടത് ആവശ്യമാണ്. ഏവർക്കും GST നിയമത്തിൽ സമയാ സമയം വരുന്ന മാറ്റങ്ങളെ വീക്ഷിക്കുകയും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യാനും അവയുടെ പ്രയോജനം നേടാനും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ■


അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ
✆ 98462 27555, 79024 43188, 79070 00401

# കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ ജില്ലാ പ്രസിഡന്റുമാർ 2024-2026


C.S. Pradeep Kumar
Trivandrum


M. Jawahar
Kollam


Reji V. Samuel
Pathanamthitta


Sunil Vazhuthalacadu
Idukki


V.K. Harilal
Alappuzha


Dileepkumar K.
Kottayam



Tom Thomas
Ernakulam


Philip A. Mulakkal
Thrissur


K. Devadas
Palakkad


K. Eshaque
Kozhikode


A.P. Abdul Kareem
Malappuram


Sureshkumar P.D.
Wayanad


Abdul Kareem
Kannur


Rajarama
Kasargod

# ഒപ്പം ഉണ്ടെന്നത് വെറും വാക്കല്ല

## സംരംഭകരുടെ പരിഭവങ്ങൾക്ക് ശാശ്വത പരിഹാരവുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്






സൂരജ് എസ്.

## കെ-സ്വിഫ്റ്റ് അക്നോളജ്മെന്റിൽ സുപ്രധാന ഭേദഗതി

സംരംഭകർ പരിഭവം പറഞ്ഞു, സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് പരിഹാരം കണ്ടു,"- സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ കൂടുതൽ ബലപ്പെടുത്തുന്നതിനായി കെ-സ്വിഫ്റ്റ് അക്നോളജ്മെന്റിൽ സുപ്രധാന ഭേദഗതി നടപ്പിലാക്കിയിരിക്കുകയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. കെ-സ്വിഫ്റ്റ് അക്നോളജ്മെന്റിലൂടെ സംരംഭം ആരംഭിക്കാമെന്ന നിയമത്തിലെ ചില പരിമിതികൾ പരിഹരിച്ചാണ് സംരംഭകരുടെ ആവശ്യപ്രകാരം വ്യവസായ വാണിജ്യ വകുപ്പ് ഭേദഗതികൾക്ക് ഒരുങ്ങിയത്. ഇത് പ്രകാരം ഇനി മുതൽ കെ-സ്വിഫ്റ്റ് വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് 'തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം (in principle approval)' എന്ന വ്യവസ്ഥയാകും ലഭിക്കുക. 50 കോടി രൂപയിൽ താഴെ മുതൽ മുടക്കു വരുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽ പെടാത്തതുമായ സംരംഭങ്ങൾക്കെല്ലാം കെ-സ്വിഫ്റ്റ് വഴി ഇനി ലഭിക്കുക തത്വത്തിലുള്ള അംഗീകാര പത്രമായിരിക്കും.




കെ-സ്വിഫ്റ്റ് അക്നോളജ്മെന്റിലൂടെ ഒരു മിനുട്ടിൽ 50 കോടി രൂപ വരെയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമെന്നതായിരുന്നു ഏറ്റവും വലിയ പ്രത്യേകത. എന്നാൽ കെ-സ്വിഫ്റ്റ് അക്നോളജ്മെന്റ് ഉണ്ടെങ്കിലും ഇതിന്റെ ആധികാരികത സംബന്ധിച്ച് ബാങ്കിംഗ് സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആശയക്കുഴപ്പമുള്ളതായും മൂന്ന് വർഷം കഴിഞ്ഞ് ചില സർട്ടിഫിക്കറ്റുകൾ കിട്ടാൻ വിഷമതകളുണ്ടെന്നും സംരംഭകരും ചില സംഘടനകളും ആശങ്ക രേഖപ്പെടുത്തിയിരുന്നു. നിലവിലെ നിയമപ്രകാരം 3 വർഷം പ്രവർത്തിച്ചു കഴിഞ്ഞ് 6 മാസത്തിനുള്ളിൽ എല്ലാ ലൈസൻസുകളും നേടിയെടുത്താൽ മതിയെന്നാണ് ഉണ്ടായിരുന്നത്.

ഇത്തരമൊരു പ്രതിസന്ധി ഇല്ലാതിരിക്കുന്നതിനായാണ് 2019 ലെ പ്രധാന നിയമത്തിൽ സുപ്രധാന ഭേദഗതി സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇനിമുതൽ കെ-സ്വിഫ്റ്റ് വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് 'തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം(in principle approval)' എന്ന അധികാരമാണ് ലഭിക്കുക. ഇത് ബാങ്കുകളിലുൾപ്പെടെ സംരംഭകർ നേരിടുന്ന പ്രശ്നം പൂർണമായും ഇല്ലാതാക്കും. ഒപ്പം നിലവിലെ നിയമപ്രകാരം 3 വർഷം പ്രവർത്തിച്ചു കഴിഞ്ഞ് 6 മാസത്തിനുള്ളിൽ എല്ലാ ലൈസൻസുകളും നേടിയെടുത്താൽ മതിയെന്നാണ് ഉണ്ടായിരുന്നത്. 6 മാസം കൊണ്ട് മുഴുവൻ ലൈസൻസുകളും നേടുന്നതിൽ ചിലപ്പോഴെങ്കിലും സംരംഭകർക്ക് ബുദ്ധിമുട്ട് നേരിടുന്നുവെന്ന പരാതി ലഭിച്ചതിനാൽ ഇപ്പോൾ കൊണ്ടുവന്ന ഭേദഗതിയിലൂടെ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ കാലാവധിയായ മൂന്നര വർഷത്തിനുള്ളിൽ എപ്പോൾ വേണമെങ്കിലും സംരംഭകന് ലൈസൻസ് നേടാൻ സാധിക്കും. അതായത് 50 കോടി രൂപയിൽ താഴെ മുതൽ മുടക്കു വരുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽപെടാത്തതുമായ സംരംഭങ്ങൾക്കെല്ലാം കെ-സ്വിഫ്റ്റ് വഴി ഇനി ലഭിക്കുക തത്വത്തിലുള്ള അംഗീകാര പത്രമായിരിക്കും. ഈ അംഗീകാരപത്രം ലഭിച്ചാൽ മൂന്നര വർഷത്തിനുള്ളിൽ ബന്ധപ്പെട്ട അനുമതികൾ നേടിയാൽ മതിയാകും.

# എന്താണ് കെ-സ്വിഫ്റ്റ്



സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു. കേരളത്തിലെ വ്യവസായ സൗഹൃദന്തരീക്ഷം കൂടുതൽ സുഗമമാക്കുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ (കെ.എസ്.ഐ.ഡി.സി.) നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഓൺലൈൻ ക്ലിയറൻസ് സംവിധാനമാണ് കെ-സ്വിഫ്റ്റ് (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പെരന്റ് ക്ലിയറൻസസ് - www.kswift.kerala.gov.in). കേരളത്തിൽ സംരംഭകത്വം കൂടുതൽ ജനകീയവും സുഗമവുമാക്കുന്നതിനും വ്യവസായവുമായി ബന്ധപ്പെട്ട അനുമതികൾക്ക് വിവിധ വകുപ്പുകൾ കയറിയിറങ്ങാതെ അതിവേഗം ലഭ്യമാക്കുന്നതിനുമായാണ് വ്യവസായ വകുപ്പ് കെ-സ്വിഫ്റ്റ് പദ്ധതി ആവിഷ്കരിച്ചത്. നിലവിൽ 22 വകുപ്പുകളിലും ഏജൻസികളിലുമായി 113 സംയോജിത സേവനങ്ങളാണ് കെ-സ്വിഫ്റ്റിൽ ലഭ്യമായിട്ടുള്ളത്. സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്നവർക്കും നിലവിലെ സംരംഭകർക്കും ഓൺലൈനായി വിവിധ വകുപ്പുകളുടെ അനുമതിക്കായി അപേക്ഷിക്കാനും നിശ്ചിത സമയ പരിധിക്കുള്ളിൽ അവ അനായാസകരമായി കരസ്ഥമാക്കാനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

കെ-സ്വിഫ്റ്റ് അക്നോളജ്മെന്റ് വഴി മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത 50 കോടി രൂപയിൽ താഴെയുള്ള MSME സംരംഭങ്ങൾക്ക് 3 വർഷം വരെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുവാനുള്ള സാഹചര്യം ഉറപ്പു നൽകുന്നു. (https://www.kswift.kerala.gov.in) ഈ പോർട്ടൽ വഴി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് സംരംഭം തുടങ്ങാം. സംരംഭ സൗഹാർദ്ദമായ ഈ നടപടിയിലൂടെ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസുകളിൽ പോയി ലൈസൻസിനായി അപേക്ഷിക്കേണ്ട സ്ഥിതി ഒഴിവായികിട്ടുകയും അനുവദിക്കപ്പെട്ടിട്ടുള്ള നിശ്ചിത സമയത്തിനുള്ളിൽ അവശേഷിക്കുന്ന ലൈസൻസുകൾ സമർപ്പിച്ചാൽ മതിയെന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്യുന്നു.

പുതുതായി നടപ്പിലാക്കിയ ഭേദഗതിയിലൂടെ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ കാലാവധിയായ മൂന്നര വർഷത്തിനുള്ളിൽ എപ്പോൾ വേണമെങ്കിലും സംരംഭകന് ലൈസൻസ് നേടാൻ സാധിക്കും.

## എങ്ങനെ അപേക്ഷിക്കാം

കേരള സർക്കാരിന്റെ 22 വകുപ്പുകളുടെ നിലവിലുള്ള പോർട്ടലുകൾ സംയോജിപ്പിച്ചാണ് കെ-സ്വിഫ്റ്റ് സജ്ജീകരിച്ചിരിക്കുന്നത്. അത് കൊണ്ട് തന്നെ, ഓൺലൈൻ ആയി ഏകജാലക സംവിധാനത്തിലൂടെ എല്ലാ വകുപ്പുകളിലേക്കുമായി ഒരു അപേക്ഷ മാത്രം പൂരിപ്പിച്ചു സമർപ്പിച്ചാൽ മതിയാവും.

വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തതിനു ശേഷം ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിക്കുകയും അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്തു സമർപ്പിക്കുകയും ചെയ്യുന്നതോട് കൂടി പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാവുന്നു. വ്യത്യസ്ത വകുപ്പുകളുടെ അനുമതികൾ സംരംഭങ്ങളുടെ പ്രത്യേകതകളെ ആശ്രയിച്ചാണ് നിജപ്പെടുത്തേണ്ടത്. അപേക്ഷയിലുള്ള വിവരങ്ങളുടെ അപൂർണ്ണതയും പിശകുകളും പൂരിപ്പിക്കുന്ന സന്ദർഭത്തിൽ തന്നെ സോഫ്റ്റ്‌വെയർ പരിശോധനക്ക് വിധേയമാകുന്നു. മാനദണ്ഡങ്ങൾക്കനുസരിച്ചല്ലാത്ത എല്ലാ വിവരങ്ങളെയും സോഫ്റ്റ് വെയർ സ്വാഭാവികമായും തള്ളിക്കളയുന്നതിനാൽ കുറ്റമറ്റ രീതിയിൽ അപേക്ഷ പൂരിപ്പിക്കാൻ കഴിയുന്നു.

അപേക്ഷ സമർപ്പിച്ച ശേഷം ഓൺലൈൻ ആയി പുരോഗതി വിലയിരുത്താൻ കഴിയുന്ന ട്രാക്കിങ് സംവിദാനവും സമയാസമയങ്ങളിൽ വിവരങ്ങൾ അറിയിക്കുന്ന എസ്.എം.എസ് / മെയിൽ / ഡാഷ്ബോർഡ് വിനിമയ രീതികളും കെ-സ്വിഫ്റ്റിന്റെ പ്രത്യേകതകളാണ്. 30 ദിവസത്തെ സമയ പരിധിക്കുള്ളിൽ അപേക്ഷയുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കപ്പെട്ടില്ലെങ്കിൽ, അപേക്ഷകന് അനുമതി ലഭിച്ചു എന്ന വിവരം മെയിൽ / എസ്.എം.എസ് / ഡാഷ്ബോർഡ് മുഖാന്തിരം സോഫ്റ്റ്‌വെയർ സ്വയം അറിയിക്കുന്നതാണ്. അപേക്ഷകനാവശ്യമായ ഫീസുകളും ചാർജുകളും ഇ ട്രഷറിയിലൂടെയോ / ഫെഡറൽ ബാങ്ക് ഗേറ്റ് വേയിലൂടെയോ ഒന്നിച്ചടക്കാൻ കഴിയുന്ന സംവിധാനം കെ-സ്വിഫ്റ്റിൽ സജ്ജീകരിച്ചിരിക്കുന്നു.

ഏകജാലക സംവിധാനങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങൾക്കും സേവനങ്ങൾക്കും സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും വ്യവസ്ഥാപിത ഓഫീസിൽ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഡിജിറ്റൽ അനുമതി പത്രങ്ങളും ലൈസൻസുകളും സംരംഭകന് കാലതാമസം കൂടാതെ വിരൽത്തുമ്പിൽ ലഭ്യമാക്കുവാൻ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ സംവിധാനം.

സംസ്ഥാനത്ത് വ്യവസായരംഗത്ത് നടപ്പാക്കിയ ഇത്തരം പ്രവർത്തനങ്ങളുടെയും പരിഷ്കാരങ്ങളുടെയും ഫലമാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ രാജ്യത്ത് ഒന്നാമതെത്തിയതിലൂടെ പ്രതിഫലിച്ചത്. വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കുന്നതിലുള്ള ഫീഡ്ബാക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ റാങ്കിംഗ് നിശ്ചയിക്കുന്നത്. ഇപ്പോൾ സംരംഭക സമൂഹവുമായുള്ള ആശയവിനിമയം ശക്തിപ്പെടുത്തുകയും അവരുടെ പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ കേൾക്കുകയും അതിനനുസൃതമായി നിയമങ്ങളിലും ചട്ടങ്ങളിലും വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തു കൊണ്ട് സംരംഭക സൗഹാർദ്ദ നടപടികൾക്കാണ് വ്യവസായ വകുപ്പ് മുൻതൂക്കം നൽകുന്നത്. ഏതൊരാൾക്കും സംസ്ഥാനത്ത് 50 കോടിയുടേതുവരെയുള്ള നിക്ഷേപത്തിൽ വ്യവസായം ആരംഭിക്കുന്നതിന് ഒരു മിനിറ്റിനുള്ളിൽ തന്നെ അനുമതി ലഭിക്കുന്ന തരത്തിൽ സംവിധാനങ്ങൾ മെച്ചപ്പെട്ടു. വലിയ ഇൻഡസ്ട്രികളാണെങ്കിൽ ഏഴ് ദിവസത്തെ കോമ്പോസിറ്റ് ലൈസൻസ് ലഭിക്കും. അത്തരത്തിൽ നിരവധി




**'ഈസ് ഓഫ് ഡൂയിങ്' ബിസിനസ് പട്ടികയിലെ പ്രകടനം പരിഗണിച്ചുള്ള 'ടോപ് അച്ചീവേഴ്സ്' പുരസ്കാരം കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവിന് സമ്മാനിക്കുന്നു.**

വ്യവസായ സ്ഥാപനങ്ങൾ എല്ലാ ജില്ലകളിലും പുതുതായി ഉണ്ടാകുന്നുണ്ട്.

വ്യവസായ വകുപ്പ് സംരംഭകർക്കായി ആരംഭിച്ച പല പദ്ധതികളും ദേശീയശ്രദ്ധയാകർഷിച്ചു. എം.എസ്.എം.ഇ. മേഖലയിൽ രാജ്യത്തെ തന്നെ ബെസ്റ്റ് പ്രാക്ടീസായ സംരംഭക വർഷം പദ്ധതിയിലൂടെ മാത്രം 2022 ഏപ്രിൽ 1 മുതൽ 2024 നവംബർ 08 വരെയുള്ള കാലയളവിൽ 3,20,021 സംരംഭങ്ങളാണ് സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടത്. 20,500 കോടിയിലധികം നിക്ഷേപം കേരളത്തിലേക്ക് കൊണ്ട് വരാനും അതിലൂടെ 7 ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ നൽകാനും സർക്കാരിന് സാധിച്ചു. വ്യവസായം ചെയ്യാൻ ആഗ്രഹിക്കുന്ന ആർക്കും എപ്പോൾ വേണമെങ്കിലും വ്യവസായം തുടങ്ങുന്ന നിലയിൽ, വെറും ഒരു മിനിറ്റ് കൊണ്ട് എം.എസ്.എം.ഇ.കൾക്ക് സംരംഭം തുടങ്ങാൻ കഴിയും വിധം നമ്മുടെ നാട് മാറിക്കഴിഞ്ഞു. വ്യവസായ രംഗത്തെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ കേരളം രാജ്യത്തു തന്നെ ഒന്നാമതായി തലയുയർത്തി നിൽക്കുകയാണ്.

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**


EPCeMart

## ARE YOU LOOKING TO BUY & SELL

- Surplus / Remain Stock / Project Leftover Materials
- Recyclable Metal Scrap
- Used Machineries
- Industrial Plant / Warehouse disposal

**Join us in our Energy Saving & Green Initiatives!**

- Save procurement and lead time
- Buy with less price
- Monetize Surplus / Leftover Materials

Why pay more for new materials when surplus steel can meet your needs?

Reach a large network of potential buyers

| Digital Platform (Marketing / Sales) | Surplus / Remain / Project leftover materials and used machineries | Plant / Warehouse disposal materials and sale | Business Associates (Regional Presence / Support) |
| --- | --- | --- | --- |
| No Subscription Fee | Identification, Listing and Marketing | Listing and Marketing | Customized local support |
| No Listing Fee | Inspection and Quality Assurance Support | Connecting wide range of direct buyers & sellers | Transparent and tailored business solutions |
| No Advertisement Fee | Refurbishment & Technical Support | Decommissioning and disposal support | Marketing of regional products/ PAN India reach |
| Assistance from listing to selling | Procurement, Logistics, Import/Export Support | Segregate & enhance the reuse & repurpose opportunities | Efficient local communication and transactions |
| PAN India/Regional team support | | | |



HEAD OFFICE
+91 8925825123 sales@epcemart.com www.epcemart.com

Contact **Regional Business Associate**
Kerala @ +91 8925858317
ba.kerala@epcemart.com
BA ID: BAEPC12424

# കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ
# ജില്ലാ സെക്രട്ടറിമാർ 2024-2026




**Dr Prem Kumar**
Trivandrum



**M. Hussain**
Kollam



**Philip K. John**
Pathanamthitta



**Joby Cherian**
Idukki



**Mujeeb Rahiman A.**
Alappuzha



**Jose Thomas**
Kottayam




**Anise N.A.**
Ernakulam



**Noby Joseph**
Thrissur



**Sunil Joseph**
Palakkad



**Arunkumar P.**
Kozhikode



**Mujeeb Rahiman K.P.**
Malappuram



**Mathew Thomas**
Wayanad



**Narayanan T.P.**
Kannur



**Mujeeb K.A.**
Kasargod

# കെ.എസ്.എസ്.ഐ.എ. ബഹു. വ്യവസായ നിയമ വകുപ്പ് മന്ത്രി പി. രാജീവിന് സ്വീകരണം നല്കി.



കെ. എസ്.എസ്.ഐ.എ. ബഹു. വ്യവസായ നിയമ വകുപ്പ് മന്ത്രി പി. രാജീവിന് സ്വീകരണം നല്കി.

കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, മറ്റു വ്യവസായ സംഘടനകൾ, കെ.എസ്.എസ്.ഐ.എ. യിലെ അഫിലിയേറ്റഡ് സംഘടനകൾ, പൗരാവലിയും ചേർന്ന് 2024 നവംബർ 11 വൈകുന്നേരം 4 മണിക്ക് കളമശ്ശേരി ആഷിഷ് കൺവെൻഷൻ സെന്ററിൽ വച്ച് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിന് സ്വീകരണം നല്കുകയുണ്ടായി. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ അദ്ധ്യക്ഷതയിൽ ആയിരുന്നു പ്രസ്തുത ചടങ്ങ്. സംസ്ഥാന വൈസ് പ്രസിഡന്റും സ്വീകരണ കമ്മിറ്റി കൺവീനറുമായിരുന്ന പി.ജെ. ജോസ് എല്ലാവരേയും സ്വാഗതം ചെയ്തു. വ്യവസായ സൗഹൃദ സൂചികയിൽ ടോപ്പ് അച്ചിവർ പദവിയോടെ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് കേരളം എത്തിയിരിക്കുകയാണ്. ചരിത്രത്തിൽ ആദ്യമായാണ് വ്യവസായ രംഗത്ത് കേരളം ഈ നേട്ടം സ്വന്തമാക്കുന്നത്. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനുള്ള പരിഷ്കാരങ്ങളിൽ 9 വിഭാഗങ്ങളിൽ കേരളം ഒന്നാം സ്ഥാനത്തെത്തി. 95 ശതമാനത്തിലേറെ മാർക്ക് നേടിയ ടോപ്പ് പെർഫോർമർ സംസ്ഥാനങ്ങളുടെ കൂട്ടത്തിലും കേരളമാണ് ഒന്നാം സ്ഥാനത്തുള്ളത്. വ്യവസായ മന്ത്രി പി. രാജീവും സംസ്ഥാന സർക്കാരും നിശ്ചയ ദാർഢ്യത്തോടെ സ്വീകരിച്ച നടപടികളാണ് ഈ നേട്ടത്തിന് കാരണമായത്. ചുമതലയേറ്റതു മുതൽ ഭാവനാപൂർണ്ണമായ നേതൃത്വം നൽകി സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ വലിയ കുതിപ്പിന് മന്ത്രി പി. രാജീവ് കളമൊരുക്കി. നിക്ഷേപ സൗഹൃദ നിലയിൽ 28-ാം സ്ഥാനത്തുണ്ടായിരുന്ന സംസ്ഥാനം ഒന്നാം സ്ഥാനത്തേക്ക് ഉയർന്നതിന് പിന്നിൽ അദ്ദേഹത്തിന്റെ ഭരണ മികവിനും നേതൃത്വത്തിനും വലിയ പങ്കുണ്ട്. രാജ്യത്തെ ഏറ്റവും മികച്ച വ്യവസായ സൗഹൃദാന്തരീക്ഷ സൃഷ്ടിക്ക് വഴിയൊരുക്കിയ ബഹു. വ്യവസായമന്ത്രി പി. രാജീവിനെ ആദരിക്കുന്നതിന് കെ.എസ്.എസ്.ഐ.എ. ഒരു വേദിയൊരുക്കി. കെ.എസ്.എസ്.ഐ.എ. യ്ക്ക് പുറമേ മറ്റ് വ്യവസായ / സംരംഭക സംഘടനകളും പൊതുജനങ്ങളും ഇതര സംഘടനകളും അണിനിരക്കുന്ന ഒരു പൗര സ്വീകരണമാണ് ഒരുക്കിയത്. ജനറൽ സെക്രട്ടറി ജോസഫ് പൈകട നന്ദി പറഞ്ഞു.



സ്വീകരണ യോഗത്തിൽ ബഹു. വ്യവസായ നിയമ വകുപ്പ് മന്ത്രി പി. രാജീവ് സംസാരിക്കുന്നു.



സ്വീകരണയോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് പി.ജെ.ജോസ് സ്വാഗതപ്രസംഗം നടത്തുന്നു.



സ്വീകരണയോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് പി.ജെ.ജോസ് സ്വാഗതപ്രസംഗം നടത്തുന്നു.




സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മന്ത്രിയ്ക്ക് പൊന്നാട അണിയിച്ച് ആദരിക്കുന്നു.




സംസ്ഥാന വൈസ് പ്രസിഡന്റ് പി.ജെ.ജോസ് മന്ത്രിയ്ക്ക് പൊന്നാട അണിയിച്ച് ആദരിക്കുന്നു.



സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് പൈകട മന്ത്രിയ്ക്ക് പൊന്നാട അണിയിച്ച് ആദരിക്കുന്നു.




സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഫസിലുദ്ദീൻ മന്ത്രിയ്ക്ക് പൊന്നാട അണിയിച്ച് ആദരിക്കുന്നു.




സംസ്ഥാന വൈസ് പ്രസിഡന്റ് എ.വി. സുനിൽനാഥ് മന്ത്രിയ്ക്ക് പൊന്നാട അണിയിച്ച് ആദരിക്കുന്നു.

## സർക്കാർ നയങ്ങളിൽ സംരംഭകർക്ക് ഉറച്ച വിശ്വാസം

# ഇന്ത്യയിൽ വ്യവസായ സൗഹൃദത്തിൽ കേരളം ഒന്നാമത്



എസ്. ഹരി കിഷോർ ഐ.എ.എസ്.

കേരളത്തിന്റെ വ്യവസായ വികസനം അതിവേഗം മുന്നേറുകയാണ്. വൈവിധ്യമാർന്ന മേഖലയിലുള്ള സമഗ്രമായ നിക്ഷേപങ്ങളും, നവീന സാങ്കേതികവിദ്യകളുടെ വിന്യാസവും, സംരംഭകത്വത്തിന്റെ പ്രോത്സാഹനവും കേരളത്തെ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുകയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളും നിക്ഷേപസൗഹൃദ നയങ്ങളും സംരംഭങ്ങൾക്ക് പുതിയ പാത തുറക്കുന്നു. കൃഷി, ഭക്ഷ്യസംസ്കരണം ഫാർമസ്യൂട്ടിക്കൽ, ഐ.റ്റി, വൈദ്യുതോപകരണങ്ങൾ, സുഗന്ധവ്യഞ്ജനം, ടെക്സ്റ്റൈൽസ്, റോബോട്ടിക്സ്, നിർമ്മിതബുദ്ധി തുടങ്ങി നിരവധി മേഖലകളിൽ സംസ്ഥാനം വലിയ മുന്നേറ്റം നടത്തുകയാണ്.




നിക്ഷേപങ്ങൾക്കും വ്യസായങ്ങളുടെ വളർച്ചക്കും സുതാര്യവും കാര്യക്ഷമവുമായ നടപടികളാണ് സംസ്ഥാനം സ്വീകരിച്ചുവരുന്നത്. വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ, നിക്ഷേപ / സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപകർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും നിർണായക പങ്കുവഹിക്കുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) മുഖേന നൽകിവരുന്ന സേവനങ്ങൾ ഇതിനുള്ള മികച്ച ഉദാഹരണമാണ്. കെ.എസ്.ഐ.ഡി.സി. ഒരുക്കുന്ന കെ-സ്വിഫ്റ്റ് സംവിധാനം വഴി വ്യവസായങ്ങൾക്ക് ആവശ്യമായ അനുമതികളും ലൈസൻസും കുറഞ്ഞ സമയത്തിനുള്ളിൽ ലഭിച്ചു വരുന്നു. ഇതിനു പുറമെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സഹായകരമായ പാക്കേജുകളും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും ലഭ്യമാക്കുന്നു.

ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി കേന്ദ്ര സർക്കാരിന്റെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' പട്ടികയിൽ മികച്ച മുന്നേറ്റം കൈവരിച്ച് കേരളം രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ മുന്നിൽ സ്ഥാനം പിടിച്ചു. കേന്ദ്ര വ്യവസായ മന്ത്രാലയം നിയോഗിച്ച വിദഗ്ധ ഏജൻസിയാണ് റാങ്കിംഗ് നടത്തിയത്. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെയും സംസ്ഥാനങ്ങളുടെ പ്രകടനത്തേയും ആധാരമാക്കി നാല് വിഭാഗങ്ങളായി തിരിച്ചാണ് റാങ്കിംഗ് നടത്തിയത്. 95% ത്തിലേറെ മാർക്ക് ലഭിച്ച സംസ്ഥാനങ്ങളാണ് ടോപ്പ് അച്ചീവർ പട്ടികയിൽ സ്ഥാനം പിടിച്ചത്. ഇതിൽ 9 മേഖലകളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ച വച്ച കേരളം റാങ്കിംഗിൽ ഒന്നാമതെത്തി. ആന്ധ്രാപ്രദേശ് രണ്ടാമതും ഗുജറാത്ത് മൂന്നാമതുമാണ്. ആന്ധ്രാപ്രദേശിന് അഞ്ചും ഗുജറാത്തിന് മൂന്നും മേഖലകളിൽ മികവ് തെളിയിക്കാനാണ് കഴിഞ്ഞത്. ആകെ 30 മേഖലകളിൽ നടത്തിയ വിലയിരുത്തലിൽ 9 മേഖലകളിലും കേരളം ഒന്നാം സ്ഥാനം നേടി 'ടോപ്പ്അച്ചീവർ' ആയി. ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമത, ഗതാഗത സൗകര്യങ്ങൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനം, നികുതി സംവിധാനത്തിലെ കാര്യക്ഷമത തുടങ്ങിയ മേഖലകളിലാണ് കേരളം ഒന്നാമത് എത്തിയത്. കഴിഞ്ഞ തവണ നടത്തിയ വ്യവസായ സൗഹൃദ റാങ്കിംഗിൽ 28 ൽ നിന്ന് കേരളം 15-ാം സ്ഥാനത്തേക്ക് വലിയ മുന്നേറ്റം നടത്തിയിരുന്നു. ആ സ്ഥാനത്തു നിന്നാണ് ഇപ്പോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.ഡൽഹിയിൽ കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സംസ്ഥാന വ്യവസായ മന്ത്രിമാരുടെ സമ്മേളനത്തിൽ കേരളത്തിന്റെ ചരിത്ര നേട്ടം പ്രഖ്യാപിച്ച കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ, സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി. രാജീവിന് പുരസ്കാരവും സമ്മാനിച്ചു.

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരുക്കാൻ സർക്കാർ വിവിധ നയപരിഷ്കാരങ്ങൾ നടപ്പാക്കി. 'ബിസിനസ്

റിഫോംസ് ആക്ഷൻ പ്ലാൻ' പ്രകാരം നടപ്പാക്കിയ ഈ നയങ്ങൾ, സംരംഭകർക്ക് മികച്ച പ്രവർത്തന സൗകര്യങ്ങളും അനുകൂല സാഹചര്യങ്ങളും ഒരുക്കി. ഇത്തരം മാറ്റങ്ങൾ സംരംഭകർക്ക് സർക്കാർ നയങ്ങളോടും സംവിധാനങ്ങളോടും ഉള്ള വിശ്വാസ്യത ദൃഢമാക്കാൻ സഹായിച്ചു. സംരംഭകരുടെ ആശയങ്ങളും അഭിപ്രായങ്ങളും അടിസ്ഥാനമാക്കി നയങ്ങൾ രൂപപ്പെടുത്താനായി, ഇത് കൂടുതൽ വ്യക്തികളെ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ പ്രേരിപ്പിച്ചു. വ്യവസായ സംരംഭങ്ങളുമായി വിദേശത്തുനിന്ന് മടങ്ങിയെത്തി സംരംഭങ്ങൾ തുടങ്ങുന്നവരുടെ എണ്ണം കൂടുന്നത് ഈ മാറ്റങ്ങളുടെ തെളിവാണ്. സംരംഭക വർഷത്തിന്റെ ഭാഗമായി 3,15,000 പുതിയ സംരംഭങ്ങൾ ആരംഭിച്ചു. ഇതിൽ ഒരു ലക്ഷത്തിലധികം സംരംഭകർ വനിതകളാണ്.

ഐ.ഐ.എം. ഇൻഡോറുമായി ചേർന്ന് സംസ്ഥാനത്തെ എം.എസ്.എം.ഇ. വളർച്ചയെക്കുറിച്ച് നടത്തിയ പഠനത്തിൽ, സംരംഭകർക്ക് സർക്കാർ നൽകുന്ന സുരക്ഷാ സംവിധാനങ്ങളാണ് ഈ മേഖലയുടെ പുരോഗതിക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിന്റെ വ്യവസായ നയം 2023 മുന്നോട്ടു വയ്ക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ വലിയ മാറ്റങ്ങൾക്ക് കാരണമായി. കേരളത്തിന്റെ വ്യവസായ നയം (2023) മുന്നോട്ടുവെക്കുന്ന ഏഴ് പ്രധാന ഘടകങ്ങളായ സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഹൈടെക് സാങ്കേതികവിദ്യയിലേക്കുള്ള മാറ്റം, നൈപുണ്യ വികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, കേരളം എന്ന ബ്രാൻഡിനെ വളർത്തൽ, മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം എന്നിവ വ്യവസായ വളർച്ചക്ക് വഴിയൊരുക്കിയതായി വിലയിരുത്തുന്നു.

സമഗ്രമായ വ്യവസായ വികസനത്തിന് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്. ആഗോള നിലവാരമുള്ള വ്യവസായ മേഖലകൾ നിർമ്മിക്കുന്നതിലൂടെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായ 'പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്റെ' നിർമാണ പ്രവർത്തനം അതിവേഗം പുരോഗമിക്കുകയാണ്. അനുമതി ലഭിച്ചതോടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.

സാമ്പത്തിക വളർച്ചയ്ക്കും ആഗോള നിക്ഷേപങ്ങൾക്കും വേണ്ടി കേരളം ഉയർന്ന സാങ്കേതിക വിദ്യകളിലേക്ക് കടക്കുകയാണ്. രാജ്യത്തെ ആദ്യ ജനറേറ്റീവ് എ.ഐ. കോൺക്ലേവ്, കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ് എന്നിവ സംഘടിപ്പിച്ചാണ് വ്യവസായ വകുപ്പ് ഈ രംഗങ്ങളിലെ മുന്നേറ്റങ്ങൾക്ക് തുടക്കം കുറിച്ചത്. കൂടാതെ ബയോടെക്നോളജി, ഐ.റ്റി. എന്നീ മേഖലയിലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ഊർജിതമായി നടന്നു വരുന്നു. ഈ സാധ്യതകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി റോഡ്, റെയിൽ, തുറമുഖ കണക്ഷൻ മെച്ചപ്പെടുത്തലുകൾക്കും വ്യാപാര സൗകര്യങ്ങൾ ഉറപ്പാക്കാനും ശ്രമങ്ങൾ നടക്കുകയാണ്. ഇതിനായി പുതിയ ലോജിസ്റ്റിക് പാർക്ക് നയവും വ്യവസായ വകുപ്പ് അവതരിപ്പിച്ചു.

യുവജനങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയും ഈ വർഷം പ്രവർത്തനമാരംഭിച്ചു. വ്യവസായ വികസനത്തിലെ പ്രതിസന്ധികളിലൊന്നായ ഭൂമി ലഭ്യതക്ക് പരിഹാരം കാണാൻ സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനാവശ്യമായ നടപടി ക്രമങ്ങളും പുരോഗമിക്കുകയാണ്. കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള തലത്തിൽ ഒരു സ്വതന്ത്രമായ വിപണി കണ്ടെത്താൻ 'നന്മ ബ്രാൻഡ്' സംവിധാനം നിലവിൽവന്നു. സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങൾ ആഗോള വിപണിയിൽ എത്തുന്നതിന് ഇത് സഹായകമാവും.

നവ സാങ്കേതികവിദ്യകൾ ഒരുക്കിയും അടിസ്ഥാന സൗകര്യങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിച്ചും നാടിന്റെ വ്യവസായ അന്തരീക്ഷം ആഗോളതലത്തിലേക്ക് ഉയർത്തുവാൻ നമുക്ക് സാധിക്കും. കേരളം വികസിതമായ ഒരു സംസ്ഥാനമായി മാറുന്നതിന്റെ സൂചനകൾ നമുക്കു മുന്നിൽ അനാവരണം ചെയ്യപ്പെടുകയാണ്. കഠിനാധ്വാനവും ഇച്ഛാശക്തിയും കൈമുതലാക്കി സത്വര വികസനം ലക്ഷ്യമാക്കി നമുക്ക് ഇനിയും മുന്നേറാൻ സാധിക്കും.■

**കെ.എസ്.ഐ.ഡി.സി.**
**എം.ഡി. ആണ് ലേഖകൻ**

**Scan for the initiative of Industries Department in the previous two years.**

K-bip

# എല്ലാം ശരിയാകും
## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്



HACCP CERTIFICATION NCHC NATIONAL CENTRE

# NATIONAL CENTRE FOR HACCP CERTIFICATION

**KERALA BUREAU OF INDUSTRIAL PROMOTION**


2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

# വരുന്നു കേരളത്തിൽ സംരംഭക സഭകൾ



ടി.എസ്. ചന്ദ്രൻ

കഴിഞ്ഞ രണ്ടു വർഷങ്ങളായി സംസ്ഥാന സർക്കാർ സ്വീകരിച്ച വ്യവസായ വ്യാപന പ്രവർത്തനങ്ങളുടെ തുടർച്ചയായി സംരംഭക സഭകൾ എന്ന ആശയം അവതരിപ്പിക്കുകയാണ്.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ ഒന്നാം റാങ്കിൽ എത്തിയിരിക്കുകയാണ് കേരളം. സർക്കാർ നടപ്പിലാക്കി വന്ന പല പദ്ധതികളും തുടർന്നു പോകുകയാണ്. 2022-23 ൽ തുടക്കമിട്ട സംരംഭക വർഷം വലിയ വിജയമായിരുന്നു. അതിനുശേഷം കഴിഞ്ഞ വർഷം സംരംഭക വർഷം 0.2 ആചരിച്ചു. അതും മികച്ച വിജയം സമ്മാനിച്ചു. 2024-25 സംരംഭക വർഷം 0.3 യുടെ ഭാഗമായിട്ടാണ് സംരംഭക സഭകൾ ആഘോഷിക്കുന്നത്. വ്യവസായ രംഗത്ത് പ്രവർത്തിച്ചുവരുന്ന സംരംഭകരുടെ സജീവമായ ഇടപെടൽ ലക്ഷ്യം വെച്ചുകൊണ്ടാണ് ഇത്. ഈ സഭകൾ ഒക്ടോബർ നവംബർ മാസത്തിൽ കേരളത്തിൽ എമ്പാടും നടക്കും.

### നിലവിലെ നിർവചനം

- സംരംഭകരുടെ കൂട്ടായ്മ ഉണ്ടാക്കുക.
- വിവിധ വകുപ്പുകളുടെ ഏകോപനം നടത്തുക.
- ലൈസൻസ്, സബ്സിഡി, ഇൻഷുറൻസ്, തുടങ്ങിയ കാര്യങ്ങളിൽ കൈത്താങ്ങ് സഹായം ഉറപ്പുവരുത്തുക.
- സംരംഭകരുടെ പ്രാദേശികമായിട്ടുള്ള ആവശ്യങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ ഉണ്ടാക്കുക.
- സർക്കാർ പോളിസിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഗവൺമെന്റിൽ സമർപ്പിക്കുക.
- പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പദ്ധതികൾ ഏകോപിപ്പിക്കുക.
- സംരംഭകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരിക.
- സർവ്വോപരി സംരംഭകരും ഗവൺമെന്റ് വകുപ്പുകളുമായി നല്ല കോഡിനേഷൻ ഉണ്ടാക്കുക എന്നിവയാണ് സംരംഭക സഭയുടെ ഉദ്ദേശങ്ങൾ.

### ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും കമ്മിറ്റികൾ

സംരംഭക സഭയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൃത്യമായി നടത്തുന്നതിനും വേണ്ടി ജില്ലാ തലത്തിൽ ഉപദേശക സമിതിയും, ഏകോപന കമ്മിറ്റികളും കൊണ്ടുവരും.

ജില്ലാതല ഉപദേശക സമിതിയുടെ അധ്യക്ഷൻ ജില്ലയുടെ ചുമതലയുള്ള മന്ത്രിയും കൺവീനർ ജില്ലാ കളക്ടറും ആയിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ആളുകൾ അംഗങ്ങളാണ്.

അതുപോലെ ജില്ലാതലത്തിൽ ഏകോപന കമ്മിറ്റിയും ഉണ്ട്. ഇതിന്റെ അധ്യക്ഷൻ ജില്ലാ കളക്ടറും കൺവീനർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും ആയിരിക്കും.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംരംഭക സഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മികച്ചതാക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റിയും ഉണ്ട്. ഈ കമ്മിറ്റിയുടെ അധ്യക്ഷൻ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷനായിക്കും. കൺവീനർ ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസറും ധനകാര്യ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരും, സി.ഡി.എസ്. ചെയർപേഴ്സൺ, സാങ്കേതിക വിദഗ്ധർ ഉൾപ്പെടെയുള്ളവർ ഈ കമ്മിറ്റിയിൽ ഉണ്ടാകും. കൃത്യമായി സംരംഭക സഭകൾ നടത്തുകയും അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുകയും അതിലെ നിർദ്ദേശങ്ങൾ ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഇത്തരം സമിതികളുടെ ചുമതല.

സംരംഭക സഭകൾ കേരളത്തെ സംബന്ധിച്ച് ഒരു പുതിയ കാഴ്ചപ്പാടാണ്. സംരംഭകർ ഒറ്റപ്പെട്ടു പോകുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. അവരുടെ പൊതുവായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ഉതകുന്ന കൂട്ടായ്മകൾ ആണ് സംരംഭക സഭകൾ. ഒക്ടോബർ മാസത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക സഭകൾ വിളിച്ചു ചേർക്കണം എന്നാണ് സർക്കാർ ഉദ്ദേശിച്ചിരുന്നത്. എന്നാൽ നവംബർ ഡിസംബർ മാസങ്ങളിൽ ഇത് നടക്കാനാണ് സാധ്യത.

ഇതു സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറത്തിറങ്ങിയത് 2024 സെപ്റ്റംബർ 27-ാം തീയതിയാണ്.

### സംരംഭക സഭകൾ വ്യവസായികൾ ഉപയോഗപ്പെടുത്തണം

പഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ തലങ്ങളിൽ സംരംഭകരുടെ കൂട്ടായ്മകൾ ഉണ്ടാക്കുന്നത് സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ പ്രാദേശിക തലത്തിൽ തന്നെ പരിഹരിക്കുന്നതിന് വലിയ മുതൽക്കൂട്ടാകും. സംരംഭങ്ങളുടെ പ്രവർത്തനങ്ങളിൽ വ്യാജ പരാതികളും, വ്യാജ പരിസ്ഥിതി പരാതികളും ഒക്കെ ഉടലെടുക്കുക സ്വാഭാവികമാണ്. അത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് ഇത്തരത്തിലുള്ള കൂട്ടായ്മകൾ വലിയ തോതിൽ ഉപകരിക്കും. ഇത്തരം കൂട്ടായ്മകളിലൂടെ നിരവധി പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും അവയ്ക്ക് പരിഹാരം നേടിയെടുക്കാനും സാധിക്കും. സംരംഭക സഭകൾ മികച്ചതാക്കാൻ വ്യവസായ ലോകം പ്രത്യേകം ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

## വ്യവസായ സ്ഥാപനങ്ങൾ സുഗമ മാക്കൽ ഭേദഗതി ബിൽ പാസ്സാക്കി

50 കോടി രൂപ വരെ നിക്ഷേപമുള്ള റെഡ് കാറ്റഗറി ഒഴിച്ചുള്ള എം.എസ്.എം.ഇ.കൾക്ക് 3 വർഷത്തിന് ശേഷം പ്രവർത്തനം തുടങ്ങി 6 മാസത്തിനുള്ളിൽ ലൈസൻസുകൾ എടുത്താൽ മിതയാകും. സംരംഭകൻ നല്കുന്ന സ്വയം സാക്ഷ്യ പത്രം ലഭിച്ചാലുടൻ നോഡൽ ഏജൻസി ഒരു കൈപ്പറ്റ് സാക്ഷ്യപത്രം നല്കുന്നുണ്ട്. എന്നാൽ കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ ആധികാരികതയെ സംബന്ധിച്ച് ആശയകുഴപ്പം നിലനിന്നിരുന്നു. അത് ഒഴിവാക്കാൻ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ഭേദഗതി ബിൽ നിയമ സഭ പാസ്സാക്കി. ഈ ഭേദഗതി പ്രകാരം കൈപ്പറ്റ് സാക്ഷ്യപത്രമെന്നത് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രമായി കണക്കാക്കും.

## മുദ്രാവായ്പ പരിധി 20 ലക്ഷമാക്കി ഉയർത്തി

2024-25 വർഷത്തെ കേന്ദ്ര സർക്കാർ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം മുദ്രാവായ്പ പരിധി 10 ലക്ഷത്തിൽ നിന്നും 20 ലക്ഷമായി വർദ്ധിപ്പിച്ചത് പ്രാബല്യത്തിൽ വന്നു. പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, കേരള ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുദ്രാവായ്പ പദ്ധതി പ്രകാരം വായ്പ അനുവദിക്കും. നിലവിലെ സംരംഭകർക്കും പുതിയ സംരംഭകർക്കും ഈ പദ്ധതി പ്രകാരം വായ്പകൾക്ക് അപേക്ഷിക്കാം.

## ജനുവരിയിൽ കേരള നിക്ഷേപ സംഗമം

എം.എസ്.എം.ഇ. മേഖലയിൽ നിലനിൽക്കുന്ന വ്യവസായ സൗഹൃദ അന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്താനും നിക്ഷേപകരെ ആകർഷിക്കുന്നതിനും ജനുവരിയിൽ കേരള ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് സംഘടിപ്പിക്കുമെന്ന് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പരിപാടിയുടെ അവലോകനവും പുതു സംരംഭങ്ങൾ 3 1/4 ലക്ഷം കടന്നതിന്റെ ആഘോഷവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി 32 മാസം കൊണ്ട് മൂന്നേകാൽ ലക്ഷം സംരംഭങ്ങളും 20,000 കോടി രൂപ നിക്ഷേപവും എത്തി സംരംഭകരുടെ എണ്ണത്തിൽ തിരുവനന്തപുരം ജില്ലയും നിക്ഷേപത്തിൽ എറണാകുളം ജില്ലയും ഒന്നാമത് എത്തി. പുതിയ സംരംഭകരിൽ ഒരു ലക്ഷത്തിലധികം വനിതകളാണ്. ഇവരെ ആദരിക്കാൻ കൊച്ചിയിൽ വനിതാ സംഗമം സംഘടിപ്പിക്കും. വ്യവസായ സൗഹൃദത്തിൽ ഒന്നാം സ്ഥാനം അടക്കം ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വ്യവസായ വകുപ്പിന്റെ നേട്ടങ്ങളും നിയമ ഭേദഗതികളും സംരംഭകരിൽ എത്തിക്കാൻ ഉദ്യോഗസ്ഥന്മാർ നേരിട്ട് ഇറങ്ങണം. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമി പൂർണമായും ഉപയോഗപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു

## പരിസ്ഥിതി സ്കോളർഷിപ്പ്, അവാർഡുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു

കെ.പി.എം.എ. മാലിന്യ നിർമ്മാർജ്ജന രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന വ്യക്തിക്കും, സംഘടനയ്ക്കും എല്ലാ വർഷവും നൽകി വരുന്ന അവാർഡുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനും, പുനരുപയോഗത്തിനും മികച്ച സംഭാവനകൾ നൽകുക, ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ ഉറവിടത്തിൽ തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക, അലക്ഷ്യമായി പാഴ്‌വസ്തുക്കൾ വിലച്ചെറിയുന്നത് തടയുക എന്നിവയാണ് അവാർഡിന് പരിഗണിക്കുന്ന പ്രധാന മാനദണ്ഡങ്ങൾ. കെ.പി.എം.എ. അംഗമല്ലാത്ത വ്യക്തികൾക്കും സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്കും അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി ഡിസംബർ 10 ആണ്.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

**കേരള പ്ലാസ്റ്റിക്സ് മാന്യുഫാക്ചറേഴ്സ് അസോസിയേഷൻ**
വി.കെ. ടവർ, ബീരാൻകുഞ്ഞ് റോഡ്, എറണാകുളം നോർത്ത്
കൊച്ചി - 18, ഫോൺ- 04842354115, 8075111065, 94473 09736.
Email: kpmacochin@gmail.com

Since 1992

# Diamond paints

ISO 9001:2015 CERTIFIED COMPANY

ISO 9001-2015 CERTIFIED COMPANY

**+91 9656 80 10 85, +91 9497 45 10 92,**

**KANNUR**

**www.diamondpaintsindia.com**

## "സംഭവം കളറാണ്"



25th November 2024, Kalamassery
Regn. No. KERBIL/2005/23143
KSSIA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.